REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 08-10-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും.
- 2022 ലെ ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻഭവനിൽ സമ്മാനിയ്ക്കും.
- ഇന്ന് വ്യോമസേനയുടെ 92-ാം സ്ഥാപക ദിനം.
- മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് UDF യുവജന വിഭാഗത്തിന്റെ നിയമസഭാ മാർച്ച് രാവിലെ.
- സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

## വാർത്തകൾ വിശദമായി

**ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും. ഉച്ചയോടെ ആദ്യഫലങ്ങൾ ലഭ്യമായിത്തുടങ്ങും. വോട്ടെണ്ണലിന് മുന്നൊരുക്കങ്ങൾ പൂർത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കനത്ത സുരക്ഷാ സംവിധാനങ്ങൾ വോട്ടെണ്ണൽ കേന്ദ്രങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.**

**ജമ്മു കശ്മീരിലെ 90 നിയമസഭാ മണ്ഡലങ്ങളിൽ മൂന്ന് ഘട്ടങ്ങളായും, ഹരിയാനയിലെ 90 അംഗ നിയമസഭയിലേക്ക് ഒരു ഘട്ടവുമായാണ് തിരഞ്ഞെടുപ്പ് പൂർത്തിയായത്. ജമ്മുകശ്മീരിൽ പത്ത് വോട്ടെണ്ണൽ**

കേന്ദ്രങ്ങളുണ്ട്. ഹരിയാനയിൽ ഏറ്റവുമൊടുവിൽ കിട്ടിയ കണക്കനുസരിച്ച് 67.9 ശതമാനമായിരുന്നു വോട്ടിംഗ്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ഇന്നലെ ന്യൂഡൽഹിയിൽ മാൽദീവ്സ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു-വുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹത്തിനായി രാഷ്ട്രപതി വിരുന്നൊരുക്കിയിരുന്നു. ഇരു നേതാക്കളും ഇന്ത്യ-മാൽദീവ്സ് ഉഭയകക്ഷി ബന്ധം അവലോകനം ചെയ്തു.

ഇന്ത്യയുടെ 'അയൽപക്കം ആദ്യം', 'വിഷൻ സാഗർ' നയങ്ങളിൽ മാൽദീവ്സ് പ്രധാന പങ്കാളിയാണെന്ന് രാഷ്ട്രപതി പറഞ്ഞു.

✪✪✪

2022 ലെ ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻഭവനിൽ സമ്മാനിയ്ക്കും. പ്രശസ്ത നടൻ മിഥുൻ ചക്രവർത്തിക്ക് ചലച്ചിത്ര മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് പരമോന്നത ബഹുമതിയായ ദാദാസാഹെബ് ഫാൽകെ പുരസ്ക്കാരം ചടങ്ങിൽ കൈമാറും.

കന്നഡ ചിത്രം കാന്താരയിലെ അഭിനയത്തിന് ഋഷഭ് ഷെട്ടിയ്ക്ക് മികച്ച നടൻ പുരസ്കാരം സമ്മാനിയ്ക്കും. തമിഴ് ചിത്രം തിരുച്ചിത്രമ്പലത്തിലെ മികച്ച പ്രകടനത്തിന് നിത്യ മേനനും, കച്ച് എക്സ്പ്രസ് എന്ന ഗുജറാത്തി ചിത്രത്തിലെ അഭിനയത്തിന് മാനസി പരേഖും മികച്ച നടീപുരസ്കാരം പങ്കുവെയ്ക്കും. ഫീച്ചർഫിലിം വിഭാഗത്തിൽ മലയാളചിത്രം ‘ആട്ട’ ത്തിനാണ് 2022 ലെ ദേശീയ പുരസ്കാരം. നോൺഫീച്ചർ വിഭാഗത്തിൽ ‘അയേന’ യാണ് പുരസ്കാരത്തിന് അർഹമായത്. അരിജിത് സിംഗ് ആണ് മികച്ച പിന്നണിഗായകൻ. മികച്ച ഗായിക ബോംബെ ജയശ്രീയും.

✪✪✪

ഇന്ന് വ്യോമസേനയുടെ 92-ാമത് സ്ഥാപക ദിനം. എല്ലാവർഷവും ഒക്ടോബർ എട്ടിനാണ് ദേശീയ വ്യോമസേന ദിനം ആചരിക്കുന്നത്. ഇന്ത്യൻ വ്യോമസേന: കഴിവുറ്റതും സുശക്തവും, സ്വയാശ്രിതവും - എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

വ്യോമസേനാദിനത്തോടനുബന്ധിച്ച് ചെന്നൈ മറീന ബീച്ചിൽ രാജ്യത്തിന്റെ വ്യോമ ശേഷി പ്രകടിപ്പിച്ച് വർണാഭമായ എയർ ഷോ സംഘടിപ്പിച്ചിട്ടുണ്ട്. ഫ്ളൈപാസ്റ്റിൽ വിവിധ വിഭാഗങ്ങളിലെ 64 വിമാനങ്ങൾ പ്രദർശിപ്പിക്കും. രാവിലെ 11 ന് ആരംഭിക്കുന്ന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, തമിഴ്നാട് മുഖ്യമന്ത്രി M.K സ്റ്റാലിൻ, എയർ സ്റ്റാഫ് മേധാവി എയർ ചീഫ് മാർഷൽ അമർപ്രീത് സിംഗ് തുടങ്ങിയവർ സംബന്ധിക്കും.

വ്യോമസേനയുടെ നേതൃത്വത്തിൽ മെഗാ 'വായു വീർ വിജേത' കാർ റാലിക്ക്, ലഡാക്കിലെ തോയിസിൽ ഇന്ന് തുടക്കമാകും. ഏഴായിരം കിലോമീറ്ററാണ് റാലിയുടെ ദൈർഘ്യം. ഈ മാസം 29 ന് അരുണാചൽ പ്രദേശിലെ തവാങ്ങിൽ റാലി സമാപിക്കും. റാലിക്ക് ഒക്ടോബർ ഒന്നിന് ന്യൂഡൽഹിയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഊഷ്മളമായ യാത്രയയപ്പ് നൽകിയിരുന്നു.

✪✪✪

സംസ്ഥാനത്തെ പഴയ കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കാനാവശ്യമായ വ്യവസ്ഥകൾ രൂപീകരിക്കുന്നതിന് തദ്ദേശഭരണ വകുപ്പും, അഗ്നിസുരക്ഷാ വകുപ്പും മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. കെട്ടിടങ്ങളുടെ ഫയർ NOC ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് വിളിച്ച യോഗത്തിലാണ് തീരുമാനം. 2011 ലെ പഞ്ചായത്ത് കെട്ടിട നിയമചട്ടങ്ങൾ നിലവിൽ വന്ന ശേഷം ഫയർ NOC നിർബന്ധമാണ്. അതിനു മുൻപ് നിർമ്മിച്ച കെട്ടിടങ്ങൾക്കാണ് അഗ്നിസുരക്ഷാ സംവിധാനങ്ങൾ തയ്യാറാക്കാൻ മാർഗ്ഗനിർദ്ദേശം നൽകുന്നത്.

✪✪✪

തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമം തടയുന്ന 'പോഷ് ' ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് 10,307 സ്ഥാപനങ്ങൾ വനിത ശിശുവികസന വകുപ്പിന്റെ പോഷ് കംപ്ലയന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതിൽ 5,440 സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചു. എല്ലാ സ്ഥാപനങ്ങളിലും നിയമാനുസൃത കമ്മിറ്റികൾ രൂപീകരിക്കാൻ തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. പത്ത് ജീവനക്കാരിലേറെ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

✪✪✪

നിയമസഭാ പ്രവർത്തനത്തിൽ നിലനിൽക്കുന്ന ജനാധിപത്യ രീതികളെ തകർക്കുന്ന പ്രവർത്തനങ്ങളാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നതെന്ന് CPIM സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ കുറ്റപ്പെടുത്തി. മലപ്പുറം വിഷയത്തിൽ പ്രതിപക്ഷം നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ ചർച്ചയ്ക്ക് സന്നദ്ധമായിട്ടും, UDF സഭാനടപടികൾ തടസ്സപ്പെടുത്തിയെന്ന് സെക്രട്ടേറിയറ്റ് ആരോപിച്ചു. മാധ്യമങ്ങളെ ഉപയോഗിച്ച് സ്വന്തം പിടിപ്പുകേട് മറിച്ചുവെയ്ക്കാൻ നടത്തിയ ശ്രമമാണ് സഭാബഹിഷ്ക്കരണമെന്നും സെക്രട്ടേറിയറ്റ് വിലയിരുത്തി.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ രാജി ആവശ്യപ്പെട്ട് UDF യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇന്ന് നിയമസഭാ മാർച്ച് നടത്തും. രാവിലെ സ്പെൻസർ ജങ്ഷനിൽ നിന്ന് ആരംഭിക്കുന്ന പ്രതിഷേധ മാർച്ചിന് യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ, യൂത്ത് ലീഗ് ജനറൽ സെക്രട്ടറി P.K ഫിറോസ് എന്നിവർ നേതൃത്വം നൽകും. പ്രതിപക്ഷനേതാവ് V.D സതീശൻ മാർച്ച് ഉദ്ഘാടനം ചെയ്യും.

മാർച്ചിനെ തുടർന്ന് തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

കൊച്ചി- ധനുഷ്കോടി ദേശീയ പാതയിൽ നേര്യമംഗലം മുതൽ വാളറ വരെ വനമേഖലയിലെ റോഡരികിൽ അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റാത്തതിൽ പ്രതിഷേധിച്ച് NH സംരക്ഷണ സമിതി ഇന്ന് ദേവികുളം താലൂക്കിൽ പണിമുടക്ക് നടത്തും. വാളറയിൽ ദേശീയപാതയും അവർ ഉപരോധിക്കും.

നേര്യമംഗലം - വാളറ ഭാഗത്തെ പതിനാലര കിലോമീറ്ററിലെ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റണമെന്ന് വനം, റവന്യു വകുപ്പുകൾക്ക് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവ് നൽകിയിരുന്നു.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മീൻപിടുത്തത്തിന് വിലക്ക് ഏർപ്പെടുത്തി.

✪✪✪

തിരുവനന്തപുരം ജില്ലയിൽ ഇന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ കടൽ- കായൽ- മലയോര മേഖലകളിലേക്ക് അവശ്യസർവീസുകൾ ഒഴികെ ഗതാഗതം നിരോധിച്ചു. ക്വാറി, മൈൻ പ്രവർത്തനങ്ങളും നിരോധിച്ച് ജില്ലാകളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. കടലോര - വിനോദസഞ്ചാരത്തിനും വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്നലെ വൈകുന്നേരം മുതൽ തുടർച്ചയായി പെയ്യുന്ന മഴ സാധാരണ ജനജീവിതത്തെ ബാധിച്ചു. ശ്രീകണ്ഠപുരം എളമ്പാശ്ശേരിയിലും മട്ടന്നൂർ വായന്തോടും ഇടിമിന്നലേറ്റ് വീടിനും വൈദ്യുതോപകരണങ്ങൾക്കും നാശനഷ്ടമുണ്ടായി.

✪✪✪

വനിതാ ട്വന്റി 20 ക്രിക്കറ്റിൽ ഇംഗ്ലണ്ടിന് തുടർച്ചയായ രണ്ടാം ജയം. ഗ്രൂപ്പ് ബി മൽസരത്തിൽ ദക്ഷിണാഫ്രിക്കയെ ഏഴു വിക്കറ്റിനാണ് ഇംഗ്ലണ്ട് പരാജയപ്പെടുത്തിയത്.

✪✪✪

കണ്ണൂരിൽ സംസ്ഥാന സ്കൂൾ ഗെയിംസ് ഗ്രൂപ്പ് മൂന്ന് മത്സരങ്ങളിൽ ഇന്നലെ സീനിയർ ആൺ-പെൺ ഗുസ്തി മത്സരങ്ങളിൽ ഏഴ് സ്വർണം നേടി കണ്ണൂർ മുന്നിട്ടു നിൽക്കുന്നു. നാലു സ്വർണം നേടി തിരുവനന്തപുരം രണ്ടാം സ്ഥാനത്തും മൂന്നു സ്വർണവുമായി മലപ്പുറം മൂന്നാം സ്ഥാനത്തുമുണ്ട് .

ഇന്ന് മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ ജൂനിയർ വിഭാഗം, ആൺ, പെൺ ഗുസ്തി, തായ്ക്വാൻഡോ മത്സരവും തലശ്ശേരി ബാസ്ക്കറ്റ്ബോൾ സ്റ്റേഡിയത്തിൽ ജൂനിയർ ആൺകുട്ടികളുടെ ബാസ്കറ്റ് ബോൾ, കണ്ണൂർ ജവാഹർ സ്റ്റേഡിയത്തിൽ സീനിയർ വിഭാഗം അമ്പെയ്ത്ത്, കണ്ണൂർ GV ഹയർ സെക്കണ്ടറിയിൽ യോഗ, തലശ്ശേരി

സായി സെന്ററിൽ സീനിയർ, ജൂനിയർ ജിംനാസ്റ്റിക്സ് മത്സരങ്ങൾ നടത്തും.

✪✪✪

കാലിക്കറ്റ് സർവകലാശാല ഇന്റർ സോൺ ഷട്ടിൽ ബാഡ്മിന്റൺ ചമ്പ്യൻഷിപ്പ് ഫൈനൽ രാവിലെ കോഴിക്കോട് ദേവഗിരി കോളജിൽ ആരംഭിക്കും. ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുടയും, ഗുരുവായൂർ ശ്രീകൃഷ്ണ കോളേജും ഏറ്റുമുട്ടും.

✪✪✪

കോഴിക്കോട് സിറ്റി സബ്ജില്ല കായികമേള രാവിലെ മെഡിക്കൽ കോളജ് ഗ്രൗണ്ടിൽ തുടങ്ങും. 5,000 ത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന മേള വ്യാഴാഴ്ച സമാപിക്കും

✪✪✪

ഇടുക്കി ചെറുതോണിയിൽ ഹോട്ടൽ - റിസോർട്ടിനൊപ്പം പ്രവർത്തിക്കുന്ന റെസ്റ്റോറന്റ് അടച്ചുപൂട്ടാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നിർദ്ദേശം നൽകി. എൻജിനീയറിങ് കോളേജ്, പൈനാവ് പോളിടെക്നിക് എന്നിവിടങ്ങളിലെ ഏഴ് വിദ്യാർത്ഥികൾക്ക് ഭക്ഷ്യവിഷബാധയേറ്റതിനെ തുടർന്നാണ് നടപടി.

പാചകക്കാരടക്കം ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഇല്ലെന്നും അടുക്കളയിലും പരിസരങ്ങളിലും ശുചിത്വം പുലർത്തുന്നില്ലെന്നും പരിശോധനയിൽ കണ്ടെത്തി. അടുക്കളയിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യവും കണ്ടെത്തിയിട്ടുണ്ട്.

✪✪✪

കോട്ടയം വഴി ആരംഭിച്ച കൊല്ലം- എറണാകുളം സ്പെഷ്യൽ മെമു ട്രെയിനിന് ഓച്ചിറയിൽ സ്റ്റോപ്പ് അനുവദിച്ചു. ഇന്ന് മുതൽ ട്രെയിൻ ഓച്ചിറയിൽ നിർത്തുമെന്ന് KC വേണുഗോപാൽ MP അറിയിച്ചു. ഓച്ചിറയിൽ സ്റ്റോപ്പ് അനുവദിക്കാത്തതിനെതിരെ വേണുഗോപാൽ റെയിൽവെ മന്ത്രിയെ പ്രതിഷേധം അറിയിച്ചിരുന്നു.

✪✪✪

ഒറ്റപ്പാലത്തിനും മാന്നന്നൂരിനുമിടയിലെ റെയിൽവെപ്പാലം അറ്റകുറ്റപ്പണിയെ തുടർന്ന് രണ്ട് ട്രെയിനുകളുടെ സമയം പുനഃക്രമീകരിച്ചു. ഇന്നു രാവിലെ ആറിന് ആലപ്പുഴയിൽ നിന്ന് പുറപ്പെടേണ്ടിയിരുന്ന ധൻബാദ് എക്സ്പ്രസ്, 8-45 നേ പുറപ്പെടൂ എന്ന്

റെയിൽവെ അറിയിച്ചു. 7-15 ന് എറണാകുളത്തു നിന്ന് പുറപ്പെടേണ്ടിയിരുന്ന ടാറ്റാനഗർ എക്സ്പ്രസ് 9-30 നായിരിക്കും പുറപ്പെടുക.

✪✪✪

ഗുരുതര ആരോപണങ്ങളെത്തുടർന്ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറെ സസ്പെൻഡ് ചെയ്തു. ആരോഗ്യവകുപ്പിൽ നിന്നടക്കം നിരവധി പരാതികൾ DMO ഡോ. L മനോജിനെതിരെ ലഭിച്ചിരുന്നു. 15 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

റേഷൻ മസ്റ്ററിങ് നടത്താനായി ഗവൺമെന്റ് നിശ്ചയിച്ച സമയപരിധി ഇന്ന് അവസാനിക്കും. മുഴുവൻ മുൻഗണനാ കാർഡ് അംഗങ്ങളും റേഷൻ കടകളിലെത്തി മസ്റ്ററിങ് പൂർത്തിയാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ പാലങ്ങൾ വർണവിളക്കുകൾ സ്ഥാപിച്ച് അലങ്കരിക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. തിരുവനന്തപുരം ബേക്കറി ജംഗ്ഷൻ പാലത്തിലെ ലൈറ്റുകൾ തെളിയിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കോഴിക്കോട് ഫറോക്ക് പഴയപാലം ദീപാലംകൃതമാക്കിയതോടെ അതൊരു ടൂറിസ്റ്റ് കേന്ദ്രമായി മാറിയെന്ന് മുഹമ്മദ് റിയാസ് പറഞ്ഞു.

✪✪✪

ഇന്ന് ലോക ഡിസ്‌ലെക്സിയ ദിനം. വായന, എഴുത്ത് എന്നിവയെ ബാധിക്കുന്ന പഠന വൈകല്യമായ ഡിസ്‌ലെക്സിയയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് എല്ലാ വർഷവും ഒക്ടോബർ എട്ടിന് ഡിസ് ലെക്സിയ ദിനം ആചരിക്കുന്നത്.

✪✪✪